(എ) കോഴിക്കോട് കോർപ്പറേഷനിൽ ലോറി ക്ലീനറായിരിക്കെ മരണമടഞ്ഞ സി.പി. അബ്ദുള്ളകോയ യുടെ മകൾ സി.പി. ഷാജിതക്ക് ആശ്രിതർക്ക് ജോലി നൽകുന്ന പദ്ധതി പ്രകാരം ഉത്തരവ് ലഭിച്ചിട്ടുണ്ടെങ്കിലും ഇതുവരെ നിയമനം ലഭിച്ചിട്ടില്ലാത്തതു സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ ;

(ബി) സി.പി.ഷാജിതക്ക് നിയമനം നൽകുവാൻ വൈകുന്നത് എന്താണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) നഗരസഭകളിൽ ലാസ്റ്റ് ഗ്രേഡ് തസ്തികകളുടെ ഒഴിവുകൾ വളരെ കുറച്ചു മാത്രമേ ഉണ്ടാകാറുള്ളു. സമാശ്വാസ തൊഴിൽദാന പദ്ധതിയിൻകീഴിൽ, ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ നിയമനാനുമതി ലഭിച്ചവർക്ക് ഒഴിവുകളുടെ അഭാവം നിമിത്തം പലപ്പോഴും യഥാസമയം നിയമനം നൽകുവാൻ കഴിയാത്ത അവസ്ഥയാണ് നിലവിലുള്ളത്. എന്നാൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ നിയമനാനുമതി ലഭിച്ച അപേക്ഷകർ കണ്ടിജന്റ് തസ്തികയിൽ ജോലി ചെയ്യുന്നതിനു തയ്യാറാണെന്ന് രേഖാമൂലം അറിയിക്കുന്നപക്ഷം അവർക്ക് കണ്ടിജന്റ് തസ്തികയിൽ നിയമനം നൽകുവാൻ ബന്ധപ്പെട്ട സെക്രട്ടറിമാർക്ക് മുനിസിപ്പൽ ഭരണ ഡയറക്ടർ നിർദ്ദേശം നൽകുന്നുണ്ട്. ഇപ്രകാരം കണ്ടിജന്റ് തസ്തികയിൽ നിയമിക്കപ്പെടുന്നവർക്ക് ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ ഒഴിവുണ്ടാകുന്ന മുറയ്ക്ക്, സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ ലാസ്റ്റ് ഗ്രേഡിൽ പിന്നീട് നിയമനം നടത്തി വരുന്നു. ശ്രീമതി സി.പി.ഷാജിത ഇപ്രകാരം കണ്ടിജന്റ് തസ്തികയിൽ നിയമനം ലഭിക്കുന്നതിന് തയ്യാറാണെന്ന് അറിയിച്ചിട്ടില്ല. ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ ഒഴിവ് ഉണ്ടാകുന്ന മുറയ്ക്ക് സാമാശ്വാസ തൊഴിൽദാന പദ്ധതിയിൽ കീഴിൽ നിയമനത്തിന് സർക്കാർ ഉത്തരവ് ലഭിച്ചവരുടെ സീനിയോറിറ്റി പരിഗണിച്ച് ശ്രീമതി സി.പി.ഷാജിതക്ക് നിയമനം ലഭിക്കുന്നതാണ്.

തിരുവനന്തപുരം സിറ്റി കോർപ്പറേഷന്റെ ചവറ് സംസ്കരണ പദ്ധതി

53 (1349) ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം സിറ്റി കോർപ്പറേഷന്റെ ചവറ് സംസ്ക്കരണ പദ്ധതി നടപ്പിലാക്കിയോ ;

(ബി) സിറ്റിയിലെ ചവറിൽ നിന്നും വളം ഉൽപാദിപ്പിക്കുന്ന പ്ലാന്റിന്റെ ഉല്പാദനശേഷി എത്രയെന്ന് വെളിപ്പെടുത്താമോ ;

(സി) പ്ലാന്റിന്റെ പ്രവർത്തനത്തിന് ദിവസേന എത്ര ടൺ ചവർ ആവശ്യമുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എത്ര ടൺ ദിവസേന നൽകുവാൻ സാധിക്കുന്നുണ്ട് ;

(ഇ) പ്ലാന്റ് സ്ഥാപിക്കുവാൻ വേണ്ടി എന്തു തുകയാണ് കോർപ്പറേഷൻ ചെലവഴിച്ചത് ;

(എഫ്) ഇതുകൊണ്ട് ഉണ്ടായ വരുമാനം എത്ര ;

(ജി) പ്ലാന്റ് പ്രവർത്തിക്കാൻ വേണ്ട വൈദ്യുതി, ഉദ്യോഗസ്ഥന്മാരുടെ ശമ്പളം, വാഹനങ്ങളുടെ ഇന്ധനം എന്നീ ഇനങ്ങളിൽ എന്തു ചെലവു വരുന്നു ; ഇനം തിരിച്ചു വ്യക്തമാക്കാമോ ?

ഉത്തരം

(എ) ബി.ഒ.റ്റി. വ്യവസ്ഥയിൽ തിരുവനന്തപുരം കോർപ്പറേഷന്റെ സഹകരണത്തോടെ പോബ്സൺ കമ്പനി വിളപ്പിൽശാലയിൽ ചവർ സംസ്ക്കരിച്ച് ജൈവവളം ഉല്പാദിപ്പിക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി-ഡി) ഏകദേശം 450 ടൺ ചവർ ദിനംപ്രതി സംസ്ക്കരിച്ച് വളമാക്കുന്നതിനുള്ള ശേഷി ഈ പ്ലാന്റിനുണ്ട്. ഇപ്പോൾ ദിനംപ്രതി ശരാശരി 150 ടൺ ചവറ് കോർപ്പറേഷൻ പ്ലാന്റിൽ എത്തിക്കുന്നു.

(ഇ) ഫാക്ടറിയുടെ നിർമ്മാണം നടത്തിയിരിക്കുന്നത് ബി.ഒ.റ്റി. വ്യവസ്ഥയിൽ പോബ്സൺ കമ്പനിയാണ്.

(എഫ്) ഫാക്ടറിയിൽ ഉല്പാദിപ്പിക്കുന്ന വളം പോബ്സൺ കമ്പനി വിൽക്കുമ്പോൾ ലഭിക്കുന്ന ലാഭത്തിന്റെ രണ്ടു ശതമാനം കോർപ്പറേഷനാണ്. എന്നാൽ വളം വിറ്റു തുടങ്ങിയിട്ടില്ല.

(ജി) ഫാക്ടറിയുടെ എല്ലാ ചെലവും വഹിക്കുന്നത് പോബ്സൺ കമ്പനിയാണ്. ശാലയിൽ ചവർ എത്തിക്കുന്ന ജോലി മാത്രമാണ് നഗരസഭക്കുള്ളത്. ഈ ഇനത്തിൽ നഗരസഭയ്ക്ക് പ്രതിമാസം ഏകദേശം 3 ലക്ഷം രൂപ ചെലവു വരുന്നുണ്ട്.

ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി

54 (1351) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുതായി രൂപീകരിച്ച കോർപ്പറേഷനുകളിൽ സെക്കന്റ് ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; ഈ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ. ;

(ബി) സംസ്ഥാനത്ത് മുനിസിപ്പൽ കോമൺ സർവ്വീസിൽ ഗ്രേഡ് മാറ്റം, പ്രൊമോഷൻ, റിട്ടയർമെന്റ് എന്നിവ വഴി സെക്കന്റ് ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly